(ബി) ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിവരം ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(സി) മണ്ഡലത്തിൽ ഇനി ഏതൊക്കെ പദ്ധതികളാണ് ആസ്തി വികസന ഫണ്ടിൽനിന്നും ഭരണാനുമതി നൽകുന്നതിന് ധനവകുപ്പിന്റെ പരിഗണനയിലിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ; പ്രസ്തുത പ്രവൃത്തികൾക്ക് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-ബി) ആസ്തി വികസന പദ്ധതിയിൻകീഴിൽ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി ധനാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ വിവിധ വകുപ്പുകളിൽ നിന്നും ശേഖരിച്ചു നൽകുന്നതാണ്.

(സി) കാരേറ്റ് ഗ്രാമപഞ്ചായത്തിലെ പൊൻവിള കിഴക്കേക്കര കനാലിന് കുറുകെ പാലം നിർമ്മിക്കുന്നതിന് 25 ലക്ഷം രൂപ വിനിയോഗിക്കുന്നതിന് ധനാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട ഫയലാണ് ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിശോധനയിലുള്ളത്. (ഫയ നമ്പർ e-112197) ഫയലിന്മേലുള്ള തുടർനടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

ശമ്പള കമ്മീഷൻ റിപ്പോർട്ടിന്മേലുള്ള നടപടി

70 (T 5875) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനുവേണ്ടി നിയോഗിക്കപ്പെട്ട കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ?

ഉത്തരം

ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് 13-7-2015-ന് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

†മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly